LIBRARY ARCHIVES Kerala Legislative Assembly

സീനിയർ ക്ഷീരവികസന ഓഫീസർ നിയമനത്തിനുള്ള മാനദണ്ഡങ്ങൾ

351(1336) ശ്രീ ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീര വികസന വകുപ്പിൽ സീനിയർ ക്ഷീരവികസന ഓഫീസർ എന്ന തസ്തിക ഉണ്ടോ; ഉണ്ടെങ്കിൽ ഈ തസ്തിക അനുവദിച്ച സർക്കാർ ഉത്തരവ് ലഭ്യമാക്കാമോ?

ഉണ്ട്. 2011-ലെ ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമാണ് സീനിയർ ക്ഷീരവികസന ഓഫീസർ തസ്തിക അനുവദിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത തസ്തികയിലേയ്ക്ക് നിയമനം ലഭിക്കുന്നതിനാവശ്യമായ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

നിലവിൽ ക്ഷീരവികസന ഓഫീസർ തസ്തികകളുടെ ആകെ എണ്ണം 196 ആണ്. 201-ലെയും 202-ലെയും ശമ്പള പരിഷ്കരണം പ്രകാരം 2:1 എന്ന അനുപാതത്തിലാണ് ക്ഷീരവികസന ഓഫീസർമാരിൽനിന്നും സീനിയർ ക്ഷീരവികസന ഓഫീസർമാരെ നിയമിക്കുന്നത്. ഈ അനുപാതം കണക്കിലെടുക്കുമ്പോൾ സീനിയർ ക്ഷീരവികസന ഓഫീസർമാരുടെ എണ്ണം 65 ആണെങ്കിലും സീനിയർ ക്ഷീരവികസന ഓഫീസർമാരുടെ സമാന തസ്തികയായ (ശമ്പള സ്കെയിൽ തുല്യമായ) വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ/ക്വാളിറ്റി കൺട്രോൾ ഓഫീസർ/ ടെക്നിക്കൽ അസിസ്റ്റന്റ് എന്നീ തസ്തികകളുടെ എണ്ണം കുറച്ച ശേഷമാണ് ഈ അനുപാതത്തിൽ സീനിയർ ക്ഷീരവികസന ഓഫീസർ തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നത്. നിലവിൽ അസിസ്റ്റന്റ് ഡയറക്ടർ/ക്വാളിറ്റി കൺട്രോൾ ഓഫീസർ/ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികകളുടെ എണ്ണം 37 ആണ്. ആയതിനാൽ 65-ൽനിന്നും 37 അസിസ്റ്റന്റ് ഡയറക്ടർ/ക്വാളിറ്റി കൺട്രോൾ ഓഫീസർ/ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികകളുടെ എണ്ണം കുറച്ച് ബാക്കിയുള്ള 28 തസ്തികകളിലേയ്ക്കാണ് സീനിയോറിറ്റി ലിസ്റ്റ് പ്രകാരം ക്ഷീരവികസന ഓഫീസർമാരെ സീനിയർ ക്ഷീര വികസന ഓഫീസർ ആയി നിയമനം നടത്തുന്നത്.

ഗുരുവായൂർ മണ്ഡലത്തിലെ തീറ്റപ്പുൽ കൃഷി

352(1337) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ എത്ര ഹെക്ടറിൽ തീറ്റപ്പുൽ കൃഷി നടത്തുന്നുവെന്ന് വ്യക്തമാക്കാമോ?

26.44 ഹെക്ടർ.

(ബി) പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം പ്രദേശങ്ങളിലാണ് തീറ്റപ്പുൽ കൃഷി നടത്തുന്നത് എന്ന് വിശദീകരിക്കാമോ?

ചാവക്കാട് മുനിസിപ്പാലിറ്റിയിൽപ്പെട്ട ചാവക്കാട്, തിരുവത്ര, എടക്കഴിയൂർ, അഞ്ചാംകല്ല്, മണത്തല, ആലുംപടി, ഗുരുവായൂർ മുനിസിപ്പാലിറ്റിയിൽപെട്ട ഗുരുവായൂർ, ഇരിങ്ങാപ്പുറം, പേരകം, കോട്ടപ്പടി, അഞ്ഞൂർ, തൊഴിയൂർ, പുന്നയൂർക്കുളം പഞ്ചായത്തിൽപ്പെട്ട പുന്നയൂർക്കുളം, ചമ്മന്നൂർ, അണ്ടത്തോട്, ആറ്റുപുറം, ആൽത്തറ, പുന്നയൂർ പഞ്ചായത്തിൽപ്പെട്ട കല്ലൂർ, ഞമനേങ്ങാട്, വൈലത്തൂർ, വടക്കേക്കാട് പഞ്ചായത്തിൽപ്പെട്ട ഒരുമനയൂർ, എങ്ങണ്ടിയൂർ എന്നീ പ്രദേശങ്ങളിൽ തീറ്റപ്പുൽ കൃഷി ചെയ്യുവരുന്നു.

(സി) കിലോമീറ്ററുകളോളം വിസ്തൃതിയുള്ളതും കടലാക്രമണ ഭീഷണി ഇല്ലാത്തതുമായ ചാവക്കാട് മുതൽ പുന്നയൂർ വരെയുള്ള പ്രദേശങ്ങളിൽ തീറ്റപ്പുൽ കൃഷി നടപ്പിലാക്കുന്നതിന്റെ സാദ്ധ്യത പരിഗണിക്കുമോ; ഇക്കാര്യത്തിൽ വകുപ്പ് തലത്തിൽ പഠനം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

പരിശോധിച്ചിട്ടില്ല.

ക്ഷീരവികസന മേഖലയെ സ്വയംപര്യാപ്തമാക്കുന്നതിനുള്ള പദ്ധതികൾ

353(1338) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീമതി യു. പ്രതിഭ:
ശ്രീ ജി. സ്റ്റീഫൻ:
ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരവികസന മേഖലയെ സ്വയംപര്യാപ്തമാക്കുക എന്ന ലക്ഷ്യത്തോടെ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ പദ്ധതികളുടെ ഗുണഫലങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

2015-ൽ പ്രതിദിനം 16.36 ലക്ഷം ലിറ്റർ പാൽ ക്ഷീരസംഘങ്ങൾ മുഖേന സംഭരിച്ചിരുന്ന സ്ഥാനത്ത് 2020-21ൽ ക്ഷീരസംഘങ്ങൾ മുഖേനയുള്ള പ്രതിദിന സംഭരണം 21.3 ലക്ഷം ലിറ്ററായി വർദ്ധിച്ചു. 2017-18 വർഷത്തിൽ കേരളത്തിൽ പാൽ ഉല്പാദനത്തിൽ ദേശീയ വളർച്ചാ ശരാശരിയെക്കാൾ വർദ്ധനവ് രേഖപ്പെടുത്തി. കേരളത്തിൽ 2015-16 വർഷം പ്രതിദിനം ഏകദേശം 5.5 ലക്ഷം ലിറ്റർ പാൽ ഇറക്കുമതി ചെയ്തിരുന്ന സ്ഥാനത്ത് സംസ്ഥാനത്തിനകത്തെ ആവശ്യം കഴിഞ്ഞ് അധികമുള്ള പാൽ പാൽപ്പൊടി ആക്കുന്നതിനായി അന്യസംസ്ഥാനത്ത് എത്തിക്കുന്ന സ്ഥിതിയിലേയ്ക്ക് പാലുൽപ്പാദനം വർദ്ധിച്ചു.

LIBRARY ARCHIVES Kerala Legislative Assembly